പി.എസ്.സി. നിയമനത്തിന് ക്രീമിലെയർ സർട്ടിഫിക്കറ്റ് വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളി സമുദായത്തിൽപ്പെട്ടവർക്കും ഒഴിവാക്കാൻ നടപടി

8 (744) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോസഫ് കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള പിന്നോക്ക വിഭാഗ കമ്മിഷൻ തയ്യാറാക്കിയ നോംസ് അനുസരിച്ച് മത്സ്യത്തൊഴിലാളി സമുദായങ്ങളിലും വിശ്വകർമ്മ സമുദായത്തിലുംപെട്ട ഉദ്യോഗാർത്ഥികൾ പി.എസ്.സി. നിയമനത്തിന് ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സമുദായങ്ങൾക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകേണ്ട ആവശ്യമുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള വിശ്വകർമ്മ വിഭാഗങ്ങളെയും മത്സ്യത്തൊഴിലാളികൾക്കിടയിലെ ചില അവാന്തര വിഭാഗങ്ങളേയും ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ആവശ്യമില്ല.

ക്രീമിലെയറിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സീറ്റുകൾ നഷ്ടപ്പെടാതിരിക്കുവാൻ നടപടി

9(745) ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നല്കുന്നതിന് പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ക്രീമിലെയറിൽപ്പെടുന്നില്ലെന്ന സർട്ടിഫിക്കറ്റ് ഒഴിവാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ക്രീമിലെയറിൽപ്പെടുന്ന വിഭാഗത്തിന്റെ റിസർവേഷൻ സീറ്റുകളിൽ നിയമനത്തിനായി പരിഗണിക്കപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെടുമോ;

(സി) എങ്കിൽ അതിന്റെ ഫലമായി പിന്നോക്ക വിഭാഗക്കാർക്ക് ലഭിക്കേണ്ടതായ സീറ്റിൽ കുറവ് വരുമോ;

(ഡി) പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സീറ്റുകൾ നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly